"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി-വനം വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരവേ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും 14.10.2017 ൽ അന്തരിച്ചതുമായ ശ്രീ. ബെന്നി ജയിംസ്.ടിയുടെ മകനായ ശ്രീ. നിതിൻ ബെന്നിക്ക് വനം വകുപ്പിൽ ക്ലർക്കായി ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(കൈ) നം.19/2021/വനം തീയതി, തിരുവനന്തപുരം, 18/10/2021.

പരാമർശം:-

1. സ.ഉ.(പി) നം.12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. സ.ഉ.(കൈ) നം. 110/2015/വനം തീയതി 28.12.2015.
3. ശ്രീ. നിതിൻബെന്നി, തുമ്പാംകുഴിയിൽ ഹൗസ്, താവളം പിഒ, പാക്കുളം, പാലക്കാട് 31.12.2018 ൽ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ന്റെ 16.02.2019 ലെ ഇ6-71485/2019 നമ്പർ കത്തും അനുബന്ധരേഖകളും.
5. പാലക്കാട് ജില്ലാ കളക്ടറുടെ 02.05.2019 ലെ ഡി.സി.പി.കെ.ഡി/4034/2019-എ3 നമ്പർ കത്തും അനുബന്ധവും.
6. 14.12.2020 ലെ ഉപസി2/227/2020-ഉഭപവ നം. സർക്കുലർ.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരവേ പരാമർശം(2) പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 14.10.2017 ൽ അന്തരിച്ചതുമായ ശ്രീ. ബെന്നി ജയിംസ്.ടിയുടെ മകൻ ശ്രീ. നിതിൻ ബെന്നിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം(3). പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം(4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സർക്കാരിന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം(5) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പരേതന്റെ മറ്റ് അനന്തരാവകാശികൾ അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ട്. പ്ലസ് ടു പാസ്സായ അപേക്ഷകന് 31 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 03.05.1990 ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 99,000/- രൂപയാണെന്ന് കല്ലമല വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്തു വരവേ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതും, 14.10.2017 ൽ

അന്തരിച്ചതുമായ ശ്രീ. ബെന്നി ജയിംസ്.ടിയുടെ മകൻ ശ്രീ. നിതിൻ ബെന്നിക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും, വിധേയമായി, പാലക്കാട് ജില്ലയിൽ വനം വകുപ്പിൽ 26,500-60,700 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പാലക്കാട് ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും പാലക്കാട് ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് പാലക്കാട് ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടിയാന് നിയമനം നൽകി കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പുറപ്പെടുവിക്കുന്നതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനഃപൂർവം മറച്ചുവെച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
പ്രിൻസിപ്പൽ സെക്രട്ടറി.

ശ്രീ. നിതിൻബെന്നി, തുമ്പാംകുഴിയിൽ ഹൗസ്, താവളം പിഒ, പാക്കുളം, പാലക്കാട്, പിൻ-678 582.
(രജിസ്റ്റേർഡ് തപാൽ, മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ& ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ ), കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ് സി) വകുപ്പ്(ഇനം നമ്പർ 311 , തീയതി- 13.10.2021. )
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 18-10-2021 13:22:54
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്-
ബഹു വനം വന്യ ജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-10-2021

ഫയൽ നം. എഫ്3/41/2019/വനം. ഇനം നം: 311

വിഷയം : വനം-വന്യജീവി വകുപ്പ് - വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ വാച്ചറായി സേവനത്തിലിരിക്കെ 14.10.2017-ൽ അന്തരിച്ച ബെന്നി ജെയിംസ്.ടി-യുടെ മകൻ ശ്രീ. നിതിൻ ബെന്നി-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

311

## കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/41 /2019/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ വാച്ചറായി സേവനത്തിലിരിക്കെ 14.10.2017 ൽ അന്തരിച്ച ബെന്നി ജെയിംസ്.ടി-യുടെ മകൻ ശ്രീ. നിതിൻ ബെന്നി-ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28.08.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | രാജേഷ്.ജി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14.09.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.10.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 05.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 08.10.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ വാച്ചറായി സേവനത്തിലിരിക്കെ 14/10/2017 ൽ അന്തരിച്ച ശ്രീ. ബെന്നി ജയിംസ്.ടി യുടെ മകൻ ശ്രീ.നിതിൻ ബെന്നിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിലെ വിഷയം.

2. 28.12.2015 ലെ സ.ഉ.(എം.എസ്)നം.110/2015/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 20 വർഷത്തിലധികമായി വനം വന്യജീവി വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന, ശ്രീ. ബെന്നി ജയിംസ്.ടി. ഉൾപ്പെടെ 99 പേരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. 14/10/2017 ൽ ബെന്നി ജയിംസിന്റെ മരണത്തെ തുടർന്ന് ആശ്രിത നിയമനത്തിനായി ടിയാളുടെ മകൻ ശ്രീ. നിതിൻ ബെന്നി അപേക്ഷ സമർപ്പിച്ചു. ശ്രീ. നിതിൻ ബെന്നിയെ വനം വകുപ്പിൽ ക്ലർക്ക് തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടിയാന്റെ ജനനതീയതി 03/05/1990 ആണ്. നിലവിൽ 31 വയസ്സ് പൂർത്തിയായിട്ടുണ്ട്. പ്ലസ് ടു പാസ്സായിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 99,000/- രൂപയാണെന്ന് കല്ലുമല വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. സമാനമായി, സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതനായ ശ്രീ. ഡി. സുരേഷ് കുമാറിന്റെ മകൻ ശ്രീ. സജിൻ രേഷിന് ആശ്രിത നിയമനം നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകിയിരുന്നു.

**അന്തരിച്ച ഡി.സുരേഷ് കുമാറിനെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 14.05.2015 ലെ സ.ഉ. (എം.എസ്)**

**നം. 29/2015/വനം നമ്പർ ഉത്തരവിലെ ഖണ്ഡിക (3) 2-ൽ "ഇത്തരത്തിൽ നിയമിക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകൾ ടി ജീവനക്കാർ സർവീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണെന്ന്" വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡി.സുരേഷ് കുമാറിന്റെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുവാൻ നിർവാഹമില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.**

4. 24.05.1999 ലെ സ.ഉ(പി) നം 12/99/ഉഭപവ പ്രകാരം എൻ എം ആർ, സീസണൽ, പാർട്ട്ടൈം തൊഴിലാളികളുടെ ആശ്രിതരും 'Government Servent'ന്റെ നിർവചനത്തിന്റെ പരിധിയിൽ വരും എന്നും General Manager, Uttaranchal Jal Sansthan V/s Laxmi Devi & Others എന്ന കേസിലെ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ സജിൻ രേഷിന് ആശ്രിത നിയമനം നൽകുന്നതിന് നിയമതടസ്സമില്ല എന്ന നിയമവകുപ്പിന്റെ ഉപദേശത്തിന്റ അടിസ്ഥാനത്തിൽ, 14.05.2015 ലെ സ.ഉ(എം.എസ്) 29/2015/വനം ഉത്തരവ് പ്രകാരം, വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ. ഡി. സുരേഷ് കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിന് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി 25.09.2018 ലെ സ.ഉ(കൈ)41/2018/വനം നമ്പറായി ഉത്തരവായിട്ടുള്ളതാണ്. സമാനമായി, വനം വകുപ്പിൽ വാച്ചറായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയ ബി.വിജയന്റെ മകൻ ശ്രീ.മനുവിജയൻ.. വി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് അനുമതി നൽകി 19.01.2021 ലെ സ.ഉ(എം.എസ്).നം.1/2021/വനം. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. ശ്രീ.നിതിൻ ബെന്നിക്ക് ആശ്രിത നിയമനം നൽകുന്ന വിഷയത്തിൽ നിയമ വകുപ്പ് താഴെ കൊടുത്തിരിക്കുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

*'വനം വകുപ്പിൽ 20 വർഷത്തിലധികം താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ. ബെന്നി ജെയിംസിനെ 28.12.2015-ലെ സ.ഉ (എം.എസ്സ്) 110/2015/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളതാണെന്നും ടി ജീവനക്കാരന് സ്ഥിരം ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നതാണെന്നും ഫയലിൽ നിന്ന് വ്യക്തമാകുന്നു. മരണപ്പെട്ടയാൾ Government Servants'-ന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ ആശ്രിതനിയമനം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുമെന്ന് General Manager, Uttaranchal Jal Sansthan Vs. Laxmi Devi & Others (2009) 7 SCC 205 എന്ന കേസിൽ ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. Contigent and work establishment personal, part time employees, NMR workers, seasonal employees under various Govt.Departments, Agriculture Department Permanent labourers of the Agriculture Department and Panchayath employees എന്നിവർ Government Servants' എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ട വരുന്നതിനാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുമെന്ന് 24.05.1999 ലെ G.O(P) No.12/99/P&ARD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ശ്രീ.ബെന്നി ജെയിംസിന്റെ മകനായ ശ്രീ.നിതിൻ ബെന്നിയ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിത*

*നിയമനത്തിന് നിയമതടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.'*

6. ഈ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിൽ വാച്ചറായി സേവനത്തിലിരിക്കെ 14/10/2017 ൽ അന്തരിച്ച ശ്രീ.ബെന്നി ജയിംസ്.ടി യുടെ മകൻ ശ്രീ. നിതിൻ ബെന്നിക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്കായി പാലക്കാട് ജില്ലയിൽ ജോലി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ വാച്ചറായി ജോലി ചെയ്ത് വരവേ 28/12/2015 ലെ സ.ഉ.(എം.എസ്) നം.110/2015/വനം നമ്പർ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തിയതും, 14.10.2017 ൽ സേവനത്തിലിരിക്കെ മരണപ്പെട്ടു പോയതുമായ ശ്രീ.ബെന്നി ജയിംസ്.ടി.യുടെ മകൻ ശ്രീ. നിതിൻ ബെന്നിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വകുപ്പിൽ ക്ലർക്കായി ജോലി നൽകുന്നതിന് അനുമതി നൽകാമോ?